**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5382 | 31.10.2016 ൽ മറുപടിക്ക്

## നിരാലംബരായ രോഗികൾക്കായുള്ള ആശ്വാസനടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എൻ. ഷംസുദ്ദീൻ<br>,, അബ്ദുൽ ഹമീദ് പി.<br>ഡോ.എം. കെ. മുനീർ<br>ശ്രീ.എം. ഉമ്മർ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) | ഗുരുതര രോഗം ബാധിച്ചവർക്കും നിരാലംബരായ വൃദ്ധജനങ്ങൾക്കും ആശ്വാസം നല്കുന്നതിന് ആരോഗ്യ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ; | (എ) | ഗുരുതര രോഗം ബാധിച്ചവർക്കും നിരാലംബരായ വൃദ്ധജനങ്ങൾക്കും സംസ്ഥാന ആരോഗ്യ വകുപ്പ് വയോജന ആരോഗ്യ പദ്ധതിയിലൂടെയും, സാന്ത്വന ചികിൽസാ പദ്ധതിയിലൂടെയും വിവിധ തരം സേവനങ്ങൾ നൽകി വരുന്നു. ആശുപത്രികളിൽ ജീറിയാട്രിക് വാർഡുകളും, ജീറിയാട്രിക് ക്ലിനിക്കുകളും, വയോജന സൗഹൃത ശൗചാലയങ്ങളും സജ്ജീകരിച്ചിരിക്കുന്നത് ഈ ഉദ്ദേശത്തോടെയാണ്. സാന്ത്വന ചികിത്സാ പദ്ധതി വഴി ശയ്യാവലംബരായ രോഗികൾക്ക് ഭവന സന്ദർശനത്തിലൂടെ ആരോഗ്യ പരിചരണം നൽകി വരുന്നു. ദേശീയ ആരോഗ്യമിഷന്റെ സഹകരണത്തോടുകൂടി സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ഗുരുതര രോഗം ബാധിച്ചവർക്കായി സെക്കന്ററി കെയർ സാന്ത്വന ചികിത്സ നൽകി വരുന്നുണ്ട്. |
| (ബി) | സഹായികളില്ലാത്ത അവശരായ രോഗികൾക്കും നിരാലംബരായ വൃദ്ധജനങ്ങൾക്കും സർക്കാർ ആശുപത്രികളിൽ കിടത്തി ചികിത്സ നല്കുന്നതിൽ വിമുഖത കാട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ; | (ബി) | എല്ലാ സർക്കാർ ജനറൽ ആശുപത്രികളിലും വയോജന വാർഡുകളും, വയോജന ക്ലിനിക്കുകളും സജ്ജീകരിക്കുന്നതിന് ആരോഗ്യ വകുപ്പിൽ നിന്നും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാന്ത്വനചികിത്സ മാത്രം വേണ്ടിവരുന്നവർക്കായി പാലിയേറ്റീവ് കെയർ വാർഡുകളും കൂട്ടിരിപ്പുകാരില്ലാത്ത നിരാലംബരായ വൃദ്ധജനങ്ങൾക്കായി സബ്സ്റ്റിറ്റ്യൂട്ട് വാർഡുകളും മിക്ക ആശുപത്രികളിലും സജ്ജീകരിച്ചിട്ടുണ്ട്. നിരാലംബരായ രോഗികളെ ആശുപത്രികളിൽ പ്രവേശിപ്പിക്കുന്നില്ല എന്ന വാർത്ത ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഒറ്റയ്ക്ക് വീടുകളിൽ കഴിയുന്ന രോഗികൾക്ക് അടുത്ത ആശുപത്രികളിലെത്തി ചികിത്സ തേടാൻ വാഹന സൗകര്യമുൾപ്പെടെയുള്ളവ ഏർപ്പെടുത്താൻ പാലിയേറ്റീവ് സേവന വിഭാഗത്തെ സജ്ജമാക്കുമോ? | (സി) | ഗ്രാമ പഞ്ചായത്തുകളിലുള്ള പ്രൈമറികെയർ സാന്ത്വന ചികിൽസ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ